നം. A2/3264/2013/എസ്.എസ്.എ

സ്റ്റേറ്റ് പ്രോജക്ട് ഓഫീസറുടെ കാര്യാലയം
(എസ്.എസ്.എ.) എസ്.എസ്.എ. ഭവൻ, നന്ദാവനം
തിരുവനന്തപുരം-695 033
തീയതി- 17/06/2014

## സർക്കുലർ

വിഷയം:- 2014-15 വർഷത്തെ വൈദ്യപരിശോധന നടത്തുന്നത്- സംബന്ധിച്ച്

സൂചന:- 1) സർവ്വശിക്ഷാഅഭിയാൻ 2014-15 വർഷത്തെ അംഗീകരിച്ച വാർഷിക പദ്ധതി-2014.

2) ജൂൺ 3, 4 തീയതികളിൽ വയനാട് ഡയറ്റിൽ ചേർന്നസംസ്ഥാനതല പ്ലാൻ ഫെമിലിയറൈസേഷൻ ക്യാമ്പിൽ ഐ.ഇ.ഡി.സി. നടത്തിപ്പുമായി ബന്ധപ്പെട്ട് ജില്ലാ പ്രോജക്ട് ഓഫീസർമാർ, ജില്ലാ പ്രോഗ്രാം ഓഫീസർമാർ എന്നിവർ ചേർന്ന് നടത്തിയ ചർച്ച .

### വൈദ്യ പരിശോധന ക്യാമ്പ്

- സർവ്വശിക്ഷാഅഭിയാൻ 2014-15 വർഷത്തെ വാർഷിക പദ്ധതിയിൽ 159 ബി.ആർ.സികൾക്ക് 40,000 രൂപ പ്രകാരമാണ് വകയിരുത്തിയിട്ടുള്ളത്. ഈ തുക ജില്ലാതല ആസൂത്രണ അവലോകന യോഗങ്ങളിലെ ബെസ്റ്റ് പ്രാക്ടീസസ്സ് ഡോക്കുമെന്റേഷനും കൂടി വിനിയോഗിക്കത്തക്ക വിധം ക്രമീകരിക്കണം.
- 2013-14 വർഷം ഉപകരണങ്ങൾ ലഭിച്ചിട്ടുള്ള കുട്ടികളെ ഇത്തവണ വൈദ്യ പരിശോധന ക്യാമ്പിൽ പരിഗണിക്കേണ്ടതില്ല.
- റിവൈസ്ഡ് ലിസ്റ്റിൽ ഉൾപ്പെടുന്ന VI (blind, low vision) HI, OH, MR, Autism, CP, Speech impairment, DB, Mental illness, MD, Others എന്നീ വിഭാഗങ്ങൾക്ക് ക്യാമ്പ് നടത്തേണ്ടതും അതതിനങ്ങളിൽ എത്രപേരെന്ന് വ്യക്തമായി രേഖപ്പെടുത്തുകയും വേണം.
- സർവ്വെ ക്രോഡീകരണത്തിലുള്ള വ്യത്യാസങ്ങൾ ക്രമീകരിക്കാൻ mild low vision കുട്ടികൾ, എൽ.ഡി. എന്നീ വിഭാഗങ്ങളെ പരിഗണിക്കേണ്ടതില്ല. (mild low vision കുട്ടികൾക്ക് ആവശ്യമെങ്കിൽ കണ്ണടകൾ നൽകണം) കണ്ണട നൽകിയ കുട്ടികളുടെ എണ്ണം വി.ഐ. ലിസ്റ്റിൽ ഉൾപ്പെടുത്തണം. സർവ്വെയിലും ഇവരെ ഉൾപ്പെടുത്തണം.
- പ്രാഥമിക സ്ക്രീനിംഗിനുശേഷം പരിഗണന ലഭിക്കേണ്ട കുട്ടികളെ മാത്രം ക്യാമ്പിൽ പങ്കെടുപ്പിക്കേണ്ടതാണ്.
- ലിസ്റ്റിൽ U-DISE കോഡ്, സ്കൂൾ കോഡ് എന്നിവ ഉൾപ്പെടുത്തണം.
- മെഡിക്കൽ ക്യാമ്പിൽ പങ്കെടുക്കുന്ന കുട്ടകൾക്ക് ഏതു വിഭാഗം ഡിസെബിലിറ്റിയാണെന്ന് മെഡിക്കൽ കാർഡിൽ രേഖപ്പെടുത്തണം.
- Aids & Appliance നും corrective surgery ക്കും അർഹരായ കുട്ടികളെ വൈദ്യ പരിശോധന ക്യാമ്പിൽ നിന്ന് കണ്ടെത്തി ലിസ്ററിൽപ്പെടുത്തേണ്ടതും മെഡിക്കൽ കാർഡിൽ രേഖപ്പെടുത്തേണ്ടതുമാണ്.
- സർവ്വെയുടെ വിശദമായ ലിസ്റ്റ് ജൂൺ 28 നു മുമ്പ് ക്രോഡീകരിച്ച് സംസ്ഥാന ഓഫീസിൽ ലഭ്യമാക്കണം.
- മെഡിക്കൽ ഡിറ്റക്ഷൻ ക്യാമ്പ് പൂർണ്ണമായും പൂർത്തീകരിച്ച് ജൂലായ് 25 ന് ക്രോഡീകരിച്ച് സംസ്ഥാന ഓഫീസിൽ എത്തിക്കേണ്ടതാണ്.
- 2014-15 വർഷം ഉപകരണ വിതരണത്തിനായി സംസ്ഥാനത്തിന് അനുവദിച്ചത് ആകെ 150 ലക്ഷം രൂപയാണ്. ഒരു കുട്ടിക്ക് 3000 രൂപ വീതമാണ് ഉപയോഗിക്കേണ്ടത്. ഇത് പ്രകാരം കുട്ടികളുടെ എണ്ണമനുസരിച്ച് ജില്ലയ്ക്ക് പണം ചെലവഴിക്കാവുന്നതാണ്.

- പൊതു വിദ്യാഭ്യാസ കലണ്ടറിൽ ഐ.ഇ.ഡി.സി ആയി രേഖപ്പെടുത്തിയിട്ടുള്ള പ്രവർത്തനങ്ങൾക്കു കൂടി മുൻതൂക്കം നൽകി സമയബന്ധിതമായി ഐ.ഇ.ഡി.സി പ്രവർത്തനങ്ങൾ പൂർത്തീകരിക്കണം.

***മെഡിക്കൽ ക്യാമ്പ് സംബന്ധമായ സാമ്പത്തിക വിനിയോഗ നിർദ്ദേശങ്ങൾ***

1. 2014-15 വർഷത്തെ സർവ്വെയിൽ കണ്ടെത്തിയ കുട്ടികളിൽ പ്രാഥമിക സ്ക്രീനിങ് വിധേയമാക്കിയ ശേഷമുള്ളവരെയാണ് വൈദ്യപരിശോധന ക്യാമ്പിൽ പങ്കെടുപ്പി ക്കേണ്ടത്.
2. സർക്കാർ ആശുപത്രിയിലെ ഡോക്ടർമാർ, എൻ.ആർ.എച്ച്.എം വഴി നിയമിച്ച ഡോക്ടർമാർ എന്നിവർക്കുപുറമെ വിദഗ്ധരായ പ്രൈവറ്റ് ഡോക്ടർമാരുടെ സേവനം വൈദ്യ പരിശോധന ക്യാമ്പിൽ ഉപയോഗിക്കാവുന്നതാണ്.
3. വൈദ്യപരിശോധനാ ക്യാമ്പിൽ പങ്കെടുക്കുന്ന ഡോക്ടർക്ക് 30 കുട്ടികൾക്ക് 600/- രൂപയും ടെക്നിഷ്യൻമാർക്ക് 400/- രൂപ എന്ന ക്രമത്തിൽ ഹോണറേറിയവും നിയമാനുസൃതമായ യാത്രാബത്തയും നൽകാവുന്നതാണ്. കൂടാതെ ഭക്ഷണത്തിനായി ഒരാൾക്ക് പരമാവധി 100/- രൂപയും അനുവദിക്കാവുന്നതാണ്.
4. ക്യാമ്പിൽ പങ്കെടുക്കുന്ന കുട്ടികൾക്കും അനുഗമിക്കുന്ന രക്ഷിതാക്കൾക്കും ലഘു ഭക്ഷണത്തിന് പരമാവധി ആളൊന്നിന് 10/- രൂപ ഉപയോഗിക്കാവുന്നതാണ്.
5. കുട്ടികളെ അനുഗമിക്കുന്നതിന് റിസോഴ്സ് അദ്ധ്യാപകരോ മറ്റദ്ധ്യാപകരോ ഇല്ലാത്ത സാഹചര്യത്തിൽ അവരെ അനുഗമിക്കുന്ന രക്ഷിതാക്കൾക്ക് യഥാർത്ഥ യാത്രാബത്ത നൽകാവുന്നതാണ്. കൂടാതെ വൈദ്യ പരിശോധന ക്യാമ്പിൽ പങ്കെടുക്കുന്ന കുട്ടികൾക്കും യഥാർത്ഥ യാത്രാബത്ത നൽകാവുന്നതാണ്.
6. വൈദ്യ പരിശോധന ക്യാമ്പിൽ നടത്തിപ്പിനായി കണ്ടിജൻസി ഇനത്തിൽ 500/ രൂപയും ഡോക്യുമെന്റേഷൻ ബെസ്റ്റ്പ്രാക്ടീസസ് എന്നിവയ്ക്ക് 1000/- രൂപയും അനുവദിക്കാവുന്നതാണ്. മെഡിക്കൽ ക്യാമ്പ് റിപ്പോർട്ട്, ഫോട്ടോ, വീഡിയോ സി.ഡി. എന്നിവ തയ്യാറാക്കാൻ ഡോക്യുമെന്റേഷൻ തുക ഉപയോഗിക്കാം.
7. ക്യാമ്പിനാവശ്യമായ വൈദ്യപരിശോധനാ കാർഡ് (മെഡിക്കൽ കാർഡ്) പ്രിസ്ക്രിപ്ഷൻ, ഓഡിയോഗ്രാം, രജിസ്ട്രേഷൻ ഫോം മുതലായവ ജില്ലാ തലത്തിൽ പ്രിൻറ് ചെയ്യാവുന്നതാണ്.
8. ക്യാമ്പിൽ പങ്കെടുത്ത കുട്ടികളുടെ രജിസ്റ്റർ ബി.ആർ.സി.യിലും ജില്ലകളിലും സൂക്ഷിക്കേണ്ടതാണ്.
9. ജില്ലയിലെ വൈദ്യ പരിശോധന ക്യാമ്പ് രജിസ്റ്ററിന്റെ കോപ്പി ക്രോഡീകരിച്ച് ജൂലായ്മാസത്തിൽത്തന്നെ സ്റ്റേറ്റ് ഓഫീസിൽ അയയ്ക്കേണ്ടതാണ്.
10. വൈദ്യ പരിശോധനക്യാമ്പിൽ പങ്കെടുക്കാൻ പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾ പഠിക്കുന്ന വിദ്യാലയങ്ങളിൽ അറിയിപ്പ് നൽകേണ്ടതാണ്.

(ഒപ്പ്)

സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ

N.B : - എല്ലാ ജില്ലാ പ്രോജക്ട് ഓഫീസർമാരും എല്ലാ ജില്ലാ പ്രോഗ്രാം ഓഫീസർമാർക്കും, എല്ലാ ബ്ലോക്ക് പ്രോഗ്രാം ഓഫീസർമാർക്കും ഇതിന്റെ പകർപ്പ് നൽകേണ്ടതാണ്.